(8) ഹോസ്പിറ്റൽ അറ്റൻഡന്റ്-1

(9) ഓഫീസ് അറ്റൻഡന്റ്-1

(10) ഫാർമസിസ്റ്റ്-1

ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന നിയമിച്ചിട്ടുള്ള ഒരു ഡോക്ടറുടെയും ഒരു ആർ.ബി.എസ്.കെ. നഴ്സിന്റെയും പഞ്ചായത്ത് മുഖാന്തരം നിയമിച്ചിട്ടുള്ള ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, രണ്ട് ലാബോറട്ടറി ടെക്നീഷ്യൻ, ഒരുപാലിയേറ്റീവ് കെയർ നഴ്സ്, എച്ച്.എം.സി. മുഖാന്തരം നിയമിക്കപ്പെട്ട ഒരു ഫാർമസിസ്റ്റ്, ഒരു ആംബുലൻസ് ഡ്രൈവർ, ഒരു സെക്യൂരിറ്റി, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിവരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

കരുനാഗപ്പള്ളി താലൂക്കാശുപത്രി

189 (1555) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം, രക്ത ബാങ്ക് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഒരു രക്ത സംഭരണ യൂണിറ്റാണ് നിലവിൽ പ്രവർത്തിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിലേയ്ക്ക് ആവശ്യമായ സ്ക്രീൻഡ് രക്ത യൂണിറ്റുകൾ ഏറ്റവും അടുത്തുള്ള രക്തബാങ്കായ കൊല്ലം ജില്ലാ ആശുപത്രിയിൽ നിന്നുമാണ് സംഭരിക്കുന്നത്. ഇതിലേയ്ക്കായി ഒരു ബ്ലഡ് ട്രാൻസ്പോർട്ടേഷൻ വാനിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ Hub & Spoke model ആണ് രക്ത ബാങ്കുകളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനത്ത് സ്വീകരിച്ചുവരുന്നത്. രക്തബാങ്കുകളിൽ ശേഖരിക്കപ്പെടുന്ന രക്തം 5 നിർബന്ധിത രക്ത പരിശോധനകൾക്ക് വിധേയമാക്കുകയും രക്ത ഘടകങ്ങളായി വേർതിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. ഇങ്ങനെ സൂക്ഷിക്കുന്ന രക്തം രക്തസംഭരണ യൂണിറ്റുകളുടെ ആവശ്യാനുസരണം വിതരണംചെയ്യുന്ന പ്രക്രിയയാണ് നിലവിൽ അനുവർത്തിച്ചുവരുന്നത്. നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശം അനുസരിച്ച് പ്രതി വർഷം 2000 യൂണിറ്റ് ആവശ്യമുള്ള ആശുപത്രിയിലാണ് രക്ത ബാങ്ക് ആരംഭിക്കുന്നത്. കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 900 യൂണിറ്റ് രക്തമേ ആവശ്യമായിവരുന്നുള്ളൂ. രക്തത്തിന്റെ ആവശ്യകത വർദ്ധിക്കുന്നതിനനുസരിച്ച് രക്ത ബാങ്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ആശുപത്രി അധികാരികൾക്ക് സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കരുനാഗപ്പള്ളി താലൂക്കാശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യസ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതല്ല മറിച്ച് ഓരോ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യ വകുപ്പ് തുടർന്നുവരുന്നത്. ഇതനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കാശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടത്തിവരുന്നത്. കരുനാഗപ്പള്ളി ആശുപത്രിയെ താലൂക്ക് തല ആശുപത്രിയുടെ തലത്തിൽ സൗകര്യം വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ നിയമനം

190 (1556) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിശോധിച്ചുവരുന്നു.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നെഫ്രോളജിസ്റ്റിനെ കൂടാതെ ഫിസിഷ്യൻ, ജൂനിയർ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ഡയാലിസിസ് മെഷീനുകൾ, ഡയാലിസിസ് യൂണിറ്റുകൾ കൂടുതൽ ഷിഫ്റ്റുകൾ എന്നിവയുടെയെല്ലാം എണ്ണം വർദ്ധിപ്പിച്ചാലെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാൻ സാധിക്കുകയുള്ളൂ.

കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്ന ഐസൊലേഷൻ വാർഡുകൾ

191 (1557) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കോഴിക്കോട് ജില്ലയിൽ പകർച്ചവ്യാധി തടയുന്നതിന് എത്ര ഐസൊലേഷൻ വാർഡുകൾ പുതിയതായി സ്ഥാപിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly